(ബി) മാനദണ്ഡങ്ങൾ ചുവടെ ചേർത്തിരിക്കുന്നവയാണ് :

1. 1-9-2008-ൽ കെ.എസ്.ആർ.ടി.സി.-യുടെ റോളിൽ ഉണ്ടായിരിക്കണം.
2. അതിനുമുൻപ് പ്രതിവർഷം 120 ഡ്യൂട്ടി തികച്ചുള്ള 8 സജീവ സേവന വർഷം ഉണ്ടായിരിക്കണം.
3. ഇപ്പോഴും റോളിൽ തുടരുന്നവരായിരിക്കണം.

കെ.എസ്.ആർ.ടി.സി.-യിലെ ഒഴിവുകൾ

166 (763) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി-യിൽ എത്ര ഡ്രൈവർമാരുടെ കുറവ് ഇന്നനുഭവിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) മെക്കാനിക്കുകളുടെ എത്ര ഒഴിവു നിലവിലുണ്ട് .എന്ന് വെളിപ്പെടുത്തുമോ ;

(സി) മെക്കാനിക്കൽ എ.ഡി. മാരുടെ എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മേൽ ഒഴിവുകൾ എല്ലാം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ചെയ്തത് ;

(ഇ) റിപ്പോർട്ട് ചെയ്ത് നാളുകൾ കഴിഞ്ഞിട്ടും ഉദ്യോഗാർത്ഥികളെ കിട്ടാത്തതുമൂലം കെ. എസ്. ആർ. ടി. സി-ക്കുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം നികത്താൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) നിലവിൽ 1124 ഡ്രൈവർമാരുടെ കുറവുണ്ട്.

(ബി) 473 ഒഴിവുകൾ.

(സി) എ.ഡി.ഇ. മാരുടെ 30 ഒഴിവുകൾ.

(ഡി) ഉണ്ട്. 3-5-2010-ലെ RIB (2) 8466/10/GW പ്രകാരം അഡ്വൈസ് ചെയ്യപ്പെട്ട 2216 പേരിൽനിന്നും നിയമനം നടത്തിയത് കഴിച്ചുള്ള 446 എൻ.ജെ.ഡി. ഒഴിവുകൾ 11-11-2010-ലും 3-2011-ൽ പ്രതീക്ഷിക്കുന്ന 27 ഒഴിവുകൾ 4-10-2010-ലും പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. എ.ഡി.ഇ തസ്തികയിലെ 14 ഒഴിവുകൾ 17-8-2006-ലും 16 ഒഴിവുകൾ 4-6-2007-ലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) 13-2-2009 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 26/09 ട്രാൻ. പ്രകാരം അംഗീകരിക്കപ്പെട്ട 2008 സേവന വേതന കരാറിന്റെ XLVI-ാം ഖണ്ഡികയിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളതിൻ പ്രകാരം (1-9-2008-ൽ

LIBRARY ARCHIVES Kerala Legislative Assembly

8 വർഷം പൂർത്തിയാക്കിയ) സ്ഥിരപ്പെടുത്തേണ്ടതായ 299 ദിവസക്കൂലിക്കാരായ ആട്ടോ മെക്കാനിക്കുകൾ ജോലി ചെയ്തുവരുന്നു. ടി ജീവനക്കാരെ വിവിധ യൂണിറ്റുകളിൽ വിന്യസിച്ചിട്ടുള്ളതുമൂലം ജീവനക്കാരുടെ കുറവ് ഒരു പരിധിവരെ ഒഴിവാകുന്നുണ്ട്.

അസിസ്റ്റന്റ് ഡിപ്പോ എൻജിനീയർമാരുടെ 30 ഒഴിവുകൾ പി.എസ്.സി-ക്ക് നൽകിയിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമനം വൈകുന്നതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം 28 പേരെ നിയമിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡി.എ

167 (764) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുമ്പോൾ കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് ലഭിച്ചിരുന്ന ഡി.എ. എത്ര ശതമാനമായിരുന്നു ;

(ബി) ഈ കാലയളവിൽ സംസ്ഥാന ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന നിരക്ക് എത്ര ; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് എത്ര ശതമാനം ഡി. എ. നൽകി. ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇപ്പോൾ കെ. എസ്. ആർ. ടി. സി. ജീവനക്കാർക്കും ഗവൺമെന്റ് ജീവനക്കാർക്കും നൽകിവരുന്ന ഡി. എ. നിരക്കിലെ വ്യത്യാസം വ്യക്തമാക്കുമോ ;

(ഡി) കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് ലീവ് സറണ്ടർ സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാക്കുമ്പോൾ കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് 45 % ഡി.എ. ആണ് നൽകിയിരുന്നത്.

(ബി) ഈ കാലയളവിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പഴയ ശമ്പളത്തിന്റെ 74 % ഉം പുതുക്കിയ ശമ്പളത്തിന്റെ 15 % ഉം ആണ് ഡി.എ ആയി നൽകിയിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പഴയ ശമ്പള സ്കെയിലിൽ 10 % കൂടി നൽകി 55 % നൽകുകയും 28-11-2008-ൽ ഒപ്പുവച്ച 1-3-2006 മുതൽ നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിൽ 59 % ഡി.എ ചേർക്കുകയും ഇപ്പോൾ പുതുക്കിയ ശമ്പളത്തിന്റെ 45 % നൽകുകയും ചെയ്യുന്നു. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly